# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *424 — 26-06-2019-ൽ മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.എസ്. ശർമ്മ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ. ബാബു : | ഡോ. കെ .ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ; | എ) | ഇല്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വിലയിരുത്തുന്നതിനായി റൂസയുടെ കീഴിൽ ഒരു State Level Quality Assurance Cell, രൂപീകരിച്ചിട്ടുണ്ട്. ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം വിലയിരുത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് എല്ലാ കോളേജുകളിലും ഒരു Internal Quality Assurance Cell (IQAC) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളുടെ NAAC അംഗീകാരത്തിനായുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഗുണനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ IQAC കോളേജ് തലത്തിൽ നടത്തിവരുന്നുണ്ട്.<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്ക് കോളേജുകളിലും സംസ്ഥാനതല ക്യാളിറ്റ് അഷ്വറൻസ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ അക്കാദമിക-ഭരണ പ്രവർത്തന ങ്ങളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനാണ് സംസ്ഥാന ക്വാളിറ്റി ആഷ്വറൻസ് സെൽ.<br>NUALS, CUSAT എന്നി സർവ്വകലാശാലകളിലും IQAC രൂപീകരിച്ചിട്ടുണ്ട്. |
| ബി) | നിലവാരം കൈവരിക്കുന്നതിന് മുഖ്യഘടകം അധ്യാപകരാണെ ന്നതിനാൽ അവരുടെ അധ്യാപന നിലവാരമുയർത്തുന്നതിനും തുടർ വിദ്യാഭ്യാസവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപാടി യുണ്ടോ; വ്യക്തമാക്കുമോ; | ബി) | കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ അക്കാദമികമായ മികവ് വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി |

| | | | |
|---|---|---|---|
| | | | FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തുന്നുണ്ട്. സർക്കാർ കോളേജിലെ അദ്ധ്യാപകരുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി International seminars, workshops, refresher കോഴ്സുകൾ തുടങ്ങിയവ നടത്തുന്നതിനായി Academic Development in Govt. Colleges എന്ന പദ്ധതി ആവിഷ്കരിച്ച് സർക്കാർ കോളേജുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കൂടാതെ IMG മുഖാന്തരവും വകുപ്പ് മുഖാന്തരവും അക്കാദമിക് സ്റ്റാഫ് കോളേജ് വഴിയും അദ്ധ്യാപകർക്ക് പരിശീലനം നടത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനും 2019-20 ബഡ്ജറ്റിൽ "പഠന-ബോധന പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും" എന്ന പദ്ധതിയ്ക്കായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിംഗ് കോളേജുകളി ലെയും പോളിടെക്നിക് കോളേജുകളി ലെയും ഫാക്കൽറ്റി മെച്ചപ്പെടുത്തുന്ന തിനുള്ള പദ്ധതികൾ, അക്കാദമിക് സ്റ്റാഫ് കോളേജ് ആൻഡ് ഇന്റേണൽ ക്വാളിറ്റി ആഷ്വറൻസ് സെൽ, സംസ്ഥാന ക്വാളിറ്റി ആഷ്വറൻസ് സെൽ, ഫാക്കൽറ്റി യുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം എന്നിവ യ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. |
| സി) | യോഗ്യതയുള്ളവരുടെ അധ്യാപന ശേഷി വിനിയോഗിക്കുന്നതിന്, എയ്ഡഡ്, സർക്കാർ കോളേജുകളിൽ വ്യാപകമായുള്ള ഗസ്റ്റ് അധ്യാപക സമ്പ്രദായത്തിന് പകരം സ്ഥിരം അധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | സ്ഥിരം അദ്ധ്യാപകരുടെ അഭാവത്തിൽ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാനാണ് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. ഒഴിവുള്ള സ്ഥിരം തസ്തികയിൽ പി.എസ്.സി നിയമന ശുപാർശ ചെയ്യുന്നതനുസരിച്ച് സ്ഥിര അദ്ധ്യാപകരെ നിയമിച്ചു വരുന്നു. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എൺപത് ശതമാനത്തിലധികവും AICTE നിഷ്കർഷിച്ച അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള അധ്യാപക ഒഴിവുക ളെല്ലാം തന്നെ പി.എസ്.സി വഴി |

| | | | |
|---|---|---|---|
| | | | നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വകലാശാലകളിലെ അധ്യാപക തസ്തികകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും നിയമനം നടത്തുന്ന തിനുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പഠന,ബോധന,ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പ് വരുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | ഡി) | പഠന, ബോധന, ഗവേഷണ രംഗങ്ങളിൽ അക്കാദമിക മികവ് ഉറപ്പ് വരുത്തുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്: കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസിൽ പ്രവർത്തി ക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടൻറ് ഡെവലെപ്മെന്റ് സ്റ്റുഡിയോ (ORICE_Online Recourse Initiatives of Collegiate Education) മുഖേന Beyond Syllabi മലയാള സാഹിത്യ യാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ, Scholar Support Programme, Walk with Scholar, ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി, ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി , സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ |

| | | | |
|---|---|---|---|
| | | | അറിവ് വർദ്ധിപ്പിക്കുന്നതിനു സ്കോളർഷിപ്പുകൾ, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme", ഉന്നത വിദ്യാ പീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന തിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി, അക്കാദമിക്/ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെൻറർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് & ഡെവലപ്മെന്റ് (CERD). പഠന ബോധന പ്രവർത്തനങ്ങളുടെ നിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്തലും നൈപുണ്യ വിടവ് പരിഹരിക്കലും എന്ന പദ്ധതിക്ക് പുറമെ ഗവേഷണ സംരംഭങ്ങൾ എന്ന പേരിലുള്ള പദ്ധതിയിൽ 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| ഇ) | കോളേജ് അധ്യാപകരുടെ ഗവേഷണ-അധ്യാപന കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഫ്ളെയർ പദ്ധതിയുടെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | ഇ) | കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുക വഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി 2018-19 കാലയളവിൽ അദ്ധ്യാപകരുടെ അദ്ധ്യാപന ഗവേഷണ ശേഷി വർദ്ധിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനുമായി, IIT-M ചെന്നൈ, EFLU ഹൈദരാബാദ്, ISEC ബാംഗ്ലൂർ എന്നിവിടങ്ങളിലായി 10 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരുന്നു. ആയതിന്റെ മുന്നോടിയായി ഒരു ദിവസത്തെ orientation programme ഒക്ടോബറിൽ നടത്തുകയും, ഈ പരിപാടിയിൽ വച്ച് അദ്ധ്യാപകരുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യാപന ഗവേഷണ ആവശ്യങ്ങളുടെ need analysis നടത്തുകയും അത് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കസ്റ്റമയിസ്ഡ് കോഴ്സുകളാണ് അദ്ധ്യാപകർക്കായി നടത്തിയത്. ഈ കോഴ്സുകളുടെ പ്രയോജനം വിശകലനം ചെയ്യുവാനായി, need analysis-ൽ അദ്ധ്യാപകർ ആവശ്യപ്പെട്ട കാര്യങ്ങൾ നൽകുവാൻ ഗവ. വിമൻസ് കോളേജിൽ പ്രവർത്തിക്കുന്ന Pyschology Research Centre ന്റെ സഹായത്തോടെ പഠനം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**